# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 21 No. 04 PUBLISHED FROM DELHI PRICE Rs. 3/- APRIL 2017


## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 23-ാം ജനറൽ കൺവൻഷൻ സമാപിച്ചു

**അടൂർ:-** ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ 23-ാമത് ജനറൽ കൺവൻഷൻ സമാപിച്ചു. 2017 മാർച്ച് 1 മുതൽ 5 വരെ അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് നടന്ന കൺവൻഷൻ മാർച്ച് 1 ന് വൈകിട്ട് 7 മണിക്ക് സഭാപ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. ദൈവജനം ദർശനം പ്രാപിച്ചവരായി ആന്തരിക കണ്ണ് തുറന്ന് ചുറ്റും നടക്കുന്നത് തിരിച്ചറിയുന്നവരായി മാറണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. രക്ഷണ്യപ്രവർത്തനത്തിൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ നടത്തുന്ന ചുവടുവയ്പുകളെ അനുഗ്രഹിക്കുന്ന ദൈവത്തിന് അദ്ദേഹം നന്ദി അർപ്പിച്ചു. ഒന്നാം ദിനം പാസ്റ്റർ പ്രിൻസ് തോമസ്, രണ്ടാം ദിനം പാസ്റ്റർ പോൾസൺ സ്റ്റീഫൻ മൂന്നാം ദിനം പാസ്റ്റർ അനീഷ് കാവാലം നാലാം ദിനം ജോയി പാറക്കൽ എന്നിവർ രാത്രിയോഗങ്ങളിൽ ദൈവവചനം പങ്കുവെച്ചു.




പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു

വ്യാഴാഴ്ച്ച പകൽ 10 മണി മുതൽ സഹോദരിമാരുടെ യോഗം നടന്നു. ഫെയ്ത്ത് ക്രിസ്ത്യൻ വിമൺസ് അസോസിയേഷൻ കേരളാ റീജൻ പ്രസിഡന്റ് സഹോദരി രമണി തോമസ് അദ്ധ്യക്ഷത വഹിച്ച യോഗം എഫ്. സി. ഡബ്ളിയൂ.എ. ജനറൽ പ്രസിഡന്റ് സഹോദരി എലിസബേത്ത് സാമുവൽ ഉദ്ഘാടനം ചെയ്തു. സഹോദരി ഒമേഗാ സുനിൽ മുഖ്യ സന്ദേശം നൽകി.

വെള്ളിയാഴ്ച പകൽ 10.30 മുതൽ ശുശ്രൂഷകൻമാരുടെ സമ്മേളനം നടന്നു. പാസ്റ്റർ തോമസ് മാത്യു അദ്ധ്യക്ഷത വഹിച്ച യോഗ

(ശേഷം രണ്ടാം പേജിൽ)

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 9-ാമത് ബിരുദദാനം നടന്നു

**അടൂർ:** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ഒമ്പതാമത് ബിരുദദാന ശുശ്രൂഷ 2017 മാർച്ച് 4 ന് ശനിയാഴ്ച രാവിലെ 10.30ന് അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് നടന്നു. വിവിധ കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയ 9 വിദ്യാർത്ഥികൾക്ക് 9-ാമത് ഗ്രാജുവേഷനിൽ ബിരുദം ലഭിച്ചു. ***നീ പഠിച്ചും നിശ്ചയം പ്രാപിച്ചുമിരിക്കുന്നതിൽ നിലനിൽക്ക*** എന്ന ചിന്താവിഷയം ആസ്പദമാക്കി നടത്തപ്പെട്ട പ്രസ്തുത സമ്മേളനം ബിരുദദാരികളുടെ വർണ്ണശബളമായ പ്രവേശനത്തോടെ ആരംഭിച്ചു. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷത വഹിച്ചു. അധ്യാപകൻ പാസ്റ്റർ സ്റ്റാൻലി വർഗ്ഗീസ് തിരുവചന ഭാഗം വായിക്കുകയും കോളജ് ചാപ്ളെൻ പാസ്റ്റർ മനോജ് തമ്പി സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു.

വൈസ് പ്രിൻസിപ്പൽ പാസ്റ്റർ ഷാജി. എസ്. സ്വാഗതം ആശംസിച്ചു. കോളജിന്റെ പ്രവർത്തനങ്ങളെ ദൈവം പരിപാലിച്ചതിനെ ഓർത്തുള്ള നന്ദി




ബിരുദദാന ചടങ്ങിൽ ഡോ. സന്തോഷ് ജോൺ മുഖ്യസന്ദേശം നൽകുന്നു.

ഡയറക്ടറുടെ സന്ദേശത്തിൽ പാസ്റ്റർ എം. സാമുവൽകുട്ടി അറിയിച്ചു. പൂർവ്വ വിദ്യാർത്ഥിയായ സുവി. റെജി ശാമുവേൽ ശ്രുതി മധുരമായ ഒരു ഗാനം ആലപിച്ചു. ബിരുദദാരികളുടെ പ്രതിനിധിയായി ബ്രദർ സയോൺ ജാഡി പ്രാരംഭമായി തിരുവചന സന്ദേശം നൽകി.

ഡോ. സന്തോഷ് ജോൺ (ബഥനി ബൈബിൾ കോളജ് പ്രിൻസിപ്പൽ, തിരുവനന്തപുരം) തിരുവചനത്തിൽ നിന്നും മുഖ്യ സന്ദേശം നൽകി.

കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി ഗ്രാജുവേറ്റ്സിന് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അദ്ദേഹത്തോടോപ്പം പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ്, വൈസ് പ്രിൻസി പ്പൽ പാസ്റ്റർ ഷാജി എസ്., കോളജ് രജിസ്ട്രാർ പാസ്റ്റർ സുമേഷ് പി. ലാസർ, എന്നിവരും ബിരുദം നൽകുന്ന ശുശ്രൂഷയിൽ പങ്കാളികളായി. പഠനത്തിൽ ഉന്നത നിലവാരം പുലർത്തിയ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡുകൾ ഡോ. സന്തോഷ് ജോൺ വിതരണം ചെയ്തു. പാസ്റ്റർ എം. സാമുവൽകുട്ടി ബിരുദദാരികളെ അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. വാലിഡിക്റ്ററി സന്ദേശം ബ്രദർ പി.സി. കുര്യൻ അറിയിച്ചു. ബിരുദദാന സമ്മേളനത്തോടനുബ

(ശേഷം നാലാം പേജിൽ)

## ദർശനം പ്രാപിക്കുന്നവരാകുക: പാസ്റ്റർ എം. സാമുവൽകുട്ടി

**അടൂർ:-** ദൈവജനം ദർശനം പ്രാപിച്ചവരായി ആന്തരിക കണ്ണ് തുറന്ന് ചുറ്റും നടക്കുന്നത് തിരിച്ചറിയുന്നവരായി മാറണമെന്ന് പാസ്റ്റർ എം. സാമുവൽകുട്ടി ആഹ്വാനം ചെയ്തു. ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ 23-ാമത് ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 27 വർഷം ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ നടത്തിയ

(ശേഷം രണ്ടാം പേജിൽ)

## നിലവിളി കേട്ട് നിലമാറ്റുന്നവൻ ദൈവം: പാസ്റ്റർ പ്രിൻസ് തോമസ്

**അടൂർ:-** ദൈവ ജനത്തിന്റെ നിലവിളികേട്ട് അവരുടെ നില അഥവ അവസ്ഥ മാറ്റുന്നവനും ആശ്രയിക്കുന്നവരെ ഉപേക്ഷിക്കാത്തവനുമായ ദൈവത്തെയാണ് നാം ആരാധിക്കുന്നതെന്ന് പാസ്റ്റർ പ്രിൻസ് തോമസ് പ്രസ്താവിച്ചു. സങ്കീർത്തനം 107ലെ വചന ഭാഗങ്ങൾ ആസ്പദമാക്കി ജനറൽ കൺവൻഷന്റെ പ്രഥമരാത്രിയിൽ വചനഘോഷണം നടത്തുകയായിരുന്നു അദ്ദേഹം. നില വിട്ട് വിളിക്കുന്ന വിളി നിലവിട്ട് പറയേണ്ടവനോട് പറഞ്ഞാൽ പിന്നെ ആരോടും പറയേണ്ടി വരികയില്ലയെന്ന് അദ്ദേഹം പ്രസ്താവിച്ചു. കേരളാ റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ്ജ് യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു.

## ദൈവരാജ്യ പ്രവേശനത്തിന് മാനസാന്തരം അനിവാര്യം: പാസ്റ്റർ പോൾസൺ സ്റ്റീഫൻ

**അടൂർ:-** യേശുകർത്താവിന്റെ പ്രസംഗവിഷയമായിരുന്ന ദൈവരാജ്യത്തിലേക്കുള്ള പ്രവേശനത്തിന് മാനസാന്തരം അനിവാര്യമാണെന്ന് പാസ്റ്റർ പോൾസൺ സ്റ്റീഫൻ പ്രസ്താവിച്ചു. ജനറൽ കൺവൻഷന്റെ രണ്ടാമത്തെ രാത്രിയിൽ മർക്കൊസ് 1:15 ആസ്പദമാക്കി സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. സമയം തികഞ്ഞിരിക്കുന്നു. സമയം എന്നതിന് ക്രോണോസ് (സെക്കന്റുകൾ ഉള്ള ക്ലോക്കിലെ സമയം) കേയ്റോസ് (സീസൺ ടൈം) എന്ന രണ്ട് യവന പദങ്ങളാണ് ഉള്ളത്. ഈ വാക്യഭാഗത്ത് കേയ്റോസ് എന്ന സീസൺ അഥവ നിയമിക്കപ്പെട്ട സമയം എന്ന

(ശേഷം രണ്ടാം പേജിൽ)

## ദൈവമക്കൾ ഭയപ്പെടേണ്ട: പാസ്റ്റർ അനീഷ് കാവാലം

**അടൂർ:-** ക്രിസ്തുവിൽ പ്രത്യാശയുള്ള ദൈവമക്കൾ ഭയപ്പെടേണ്ടയെന്ന് പാസ്റ്റർ അനീഷ് കാവാലം. ജനറൽ കൺവൻഷന്റെ മൂന്നാമത് രാത്രിയിൽ ലൂക്കൊസ് 2:10 ആസ്പദ മാക്കി സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ഭയപ്പെടേണ്ട എന്ന് പറഞ്ഞ് ദൈവം തന്റെ ജനത്തെ ബലപ്പെടുത്തുന്നത് വചനത്തിൽ നിരവധി തവണ കാണുവാൻ കഴിയും. ഭയപ്പെടുത്തുവാൻ നോക്കുന്ന ശത്രുവിൽ നിന്ന്, പാരമ്പര്യ ശക്തിയിൽ നിന്ന്, വിടുവിക്കുന്നവനും നഷ്ടമായ നന്മയെ തിരികെ തരുന്നവനും ദൈവമാണെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

പാസ്റ്റർ ബിനു ജോൺ (ഡൽഹി) യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു.

## വാഗ്ദത്ത നിവർത്തിക്കായി കർത്താവ് വേഗം മടങ്ങിവരും: പാസ്റ്റർ ജോയി പാറയ്ക്കൽ

**അടൂർ:-** വാഗ്ദത്ത നിവർത്തിക്കായി കർത്താവ് മടങ്ങിവരുന്നതിന്റെ പ്രത്യക്ഷലക്ഷണങ്ങൾ ലോകത്തിൽ കാണുന്നുവെന്ന് പാസ്റ്റർ ജോയി പാറയ്ക്കൽ പ്രസ്താവിച്ചു. ജനറൽ കൺവൻഷന്റെ സമാപനരാത്രിയിൽ സന്ദേശം നൽകുകയായിരുന്നു അദേഹം. യേശുക്രിസ്തു തന്റെ സഭയോട് പറഞ്ഞ മൂന്ന് വാഗ്ദത്തങ്ങളാണ് ഞാൻ എന്റെ സഭയെപണിയും, ഞാൻ പോയാൽ പരിശുദ്ധാത്മാവിനെ നിങ്ങൾക്കുവേണ്ടി അയയ്ക്കും, ഞാൻ പോയതുപോലെ വീണ്ടും വരും എന്നിവ. അത് ഉറപ്പായി ചെയ്യുവാൻ കഴിയുന്നവനാണ് വാഗ്ദത്തം ചെയ്തത്. അഭിപ്രായം പറയുന്നവരുടെ കൂട്ടമല്ല സഭ. അടിസ്ഥാനങ്ങൾ പറയുന്നവരാണ്. രക്ഷിക്കപ്പെട്ട

(ശേഷം രണ്ടാം പേജിൽ)

പത്രാധിപ ലേഖനം.......

# സമർപ്പണത്തോടെ വീണ്ടും...



**കർ**ത്താവിൽ പ്രിയ സഹോദരങ്ങളെ,

ഞാനീ വരികൾ കുറിക്കുമ്പോൾ സമ്മിശ്ര വികാരങ്ങളുടെ ഒരു വേലിയേറ്റം തന്നെ എന്റെ മനസ്സിൽ നടക്കുന്നുണ്ട്. 1991ലാണ് *വിശ്വാസ ധ്വനി* എന്ന പേരിൽ ഒരു ത്രൈമാസിക പ്രസിദ്ധീകരിക്കുന്നത്. ഒരു ബുക്ക്ലെറ്റ് ആകൃതിയിൽ ഇതിന്റെ നാലു ലക്കങ്ങൾ പ്രസിദ്ധീകരിച്ചു ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെയും ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചുകളുടേയും പ്രവർത്തനങ്ങൾ വിശേഷിച്ചും ഉത്തരേന്ത്യൻ സുവിശേഷ വേല പൊതുവെയും ലോകമെമ്പാടുമുള്ള മലയാളി വിശ്വാസികളായ വായനക്കാർക്ക് പരിചയപ്പെടു ത്തുന്നതിനും, അവരുടെ ആത്മിക വർധനയ്ക്കും അപ്പോൾ തന്നെ അവിശ്വാസികളെ ഉന്നമാക്കിയ സുവിശേഷപ്രചരണത്തിനും ഉതകുന്ന (സുവിശേഷ) യാത്രാവിവരണങ്ങൾ, വാർത്തകൾ, വാർത്താധിഷ്ഠിത ലേഖനങ്ങൾ, സാമാന്യ ലേഖനങ്ങൾ, പംക്തികൾ, സാക്ഷ്യങ്ങൾ, കഥകൾ, കവിതകൾ, ഭാവനകൾ, അഭിമുഖങ്ങൾ എന്നിവയ്ക്ക് ഇടം നൽകുക എന്നത് പ്രസിദ്ധീകരണ ലക്ഷ്യവും ആയിരുന്നു. തുടർന്ന് രൂപപരിണാമവും പേരിൽ മാറ്റവും വരുത്തി ഒരു പുതിയ പ്രസിദ്ധീകരണമായി തന്നെ *വിശ്വാസി* 1997ൽ തുടങ്ങിയപ്പോൾ സുദീർഘമായ ഇരുപത് വർഷങ്ങൾ ഇത് നടത്തിക്കൊണ്ട് പോകാൻ കഴിയുമെന്ന് ചിന്തിച്ചതേയില്ല. ഇത്രത്തോളം നടത്തിയ ദൈവത്തിന് എല്ലാ സ്തുതിയും സ്ത്രോത്രവും കരേറ്റുന്നു.

*വിശ്വാസി* പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയത് മുതൽ ഇതുവരെ നിങ്ങളുടെ കൈയ്യിൽ എത്തുന്ന ടാബ്ലോയിഡ് ആകൃതിയിലാണ്. നാല് പുറങ്ങൾ. ജനറൽ കൺവെൻഷൻ നടന്നതിന് ശേഷമുള്ള ലക്കമാണെങ്കിൽ ചിലപ്പോൾ കൂടുതൽ പുറങ്ങൾ കാണും. മിക്കവാറും ഓരോ പ്രസിദ്ധീകരണ വർഷം തികയുമ്പോൾ മാസികയെക്കുറിച്ച് പത്രാധിപ ലേഖനം എഴുതാറുണ്ട്. ഈ ലക്കവും മാസികയെക്കുറിച്ച് തന്നെയാണ് എഴുതുന്നത്. സ്വന്തം ഈമെയിൽ അഡ്രസ് ഞങ്ങൾക്ക് അയച്ചുതന്നിട്ടുള്ള വായനാ മിത്രങ്ങൾക്ക് എല്ലാം ഞങ്ങൾ മാസികയുടെ പി.ഡി.എഫ്. പതിപ്പ് ചില വർഷങ്ങളായി അയച്ചുകൊടുക്കുന്നുണ്ട് അതോടൊപ്പം ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ വെബ്സൈറ്റിലും (www.indianchristianmission.com) മാസിക പി.ഡി.എഫ്. ആയി ലഭ്യമാണ്. ഈ ലക്കത്തിനു ശേഷം ഇനിയും മാസികയുടെ പി.ഡി.എഫ്. പതിപ്പേ പ്രസിദ്ധീകരിക്കുന്നുള്ളു. ലോകത്തിലെ മിക്ക സ്ഥലങ്ങളിലും വിശേഷിച്ച് പാശ്ചാത്യരാഷ്ട്രങ്ങളിൽ മിക്ക ദിനപത്രങ്ങളും വാരികകളും മാസികകളും അച്ചടിപതിപ്പുകൾ വർഷങ്ങൾക്കു മുൻപേ നിർത്തലാക്കിയിരുന്നു. സാമ്പത്തിക ബാധ്യതയായിരുന്നു ഇവർക്ക് പ്രതിബന്ധമായത്. ഞങ്ങൾക്കും സാമ്പത്തിക പ്രതിസന്ധി തന്നെയാണ് പ്രിന്റ് വേർഷൻ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തതിന് കാരണമായി ഭവിച്ചത്. വർദ്ധിച്ചുകൊണ്ടിരിക്കുന്ന പത്രകടലാസിന്റെ വിലയും മുദ്രണ ചിലവുകളും വലിയ സാമ്പത്തിക ബാധ്യതകൾ വരുത്തി വെയ്ക്കുന്നു.

ഒരു വിടവാങ്ങൽ കുറിപ്പായി ഇതിനെ തെറ്റിദ്ധരിക്കരുതേ! മാസിക പ്രസിദ്ധീകരണം നിർത്തുന്നില്ല. പി.ഡി.എഫ്. പതിപ്പേ ഇനി മുതൽ ഉണ്ടായിരിക്കുകയുള്ളു എന്ന് മാത്രം. എനിക്കറിയാം, പത്രകടലാസ് വായിച്ചു ശീലിച്ചവർക്ക് കമ്പ്യൂട്ടർ അല്ലെങ്കിൽ ഫോൺ സ്ക്രീനിൽ വാർത്തകളും ലേഖനങ്ങളും മറ്റും വായിക്കുന്നത് അത്ര സുഖകരമായ അനുഭവം അല്ല എന്നത്. മാത്രമല്ല, വായനക്കാരിൽ, വിശേഷിച്ച് പഴയ തലമുറയിൽ പെട്ടവരിൽ കമ്പ്യൂട്ടറോ സ്മാർട്ട്ഫോണോ ഉപയോഗിക്കാൻ അറിയാത്തവരും കാണും. എന്നാൽ, ദൈവനാമത്തിൽ ഞങ്ങളോട് തുടർന്നും സഹകരിക്കേണമേ എന്ന് അപേക്ഷിക്കുകയാണ്. പി.ഡി.എഫ്. പതിപ്പ് പരിചയമില്ലാത്തവർ പരിചയമുള്ളവരുടെ സഹായം ലഭ്യമാക്കി വായന തുടരുന്നത് നിങ്ങൾക്കും ഞങ്ങൾക്കും സന്തോഷകരമായിരിക്കും. ഇടയ്ക്കിടക്ക് *വിശ്വാസി* പബ്ലിക്കേഷൻസ് പുറത്തിറക്കുന്ന പുസ്തകങ്ങൾ വഴി ഞങ്ങൾ അച്ചടി മാധ്യമത്തിലൂടെ വായനക്കാരുമായി സംവദിക്കുന്നത് തുടരും. *വിശ്വാസി* ദശവത്സര സ്മരണിക, വിശ്വാസി പത്രാധിപ ലേഖനങ്ങളുടെ സമാഹാരമായ വിശ്വാസ സംവാദങ്ങൾ എന്നീ പുസ്തകം ഐ.സി.എം ദശവത്സര, രജതജൂബിലി സ്മരണികൾ, വിശ്വാസഗീതങ്ങൾ എന്ന പാട്ടുപുസ്തകത്തിന്റെ 3 പതിപ്പുകൾ പ്രശസ്ത ക്രൈസ്തവ എഴുത്തുകാരുടെ പുസ്തകങ്ങൾ മുതലായവ ഞങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ച സംരംഭങ്ങളിൽ പെടും.

അച്ചടി പതിപ്പ് നിർത്തുന്നു എന്ന് വച്ച് *വിശ്വാസി*യുടെ ഉള്ളടക്കത്തിന് യാതൊരു മാറ്റവും സംഭവിക്കുവാൻ പോകുന്നില്ല. കാമ്പുള്ള ലേഖനങ്ങളും അർത്ഥവ്യാപ്തിയുള്ള കവിതകളും ആശയഗാംഭീരമുള്ള കഥകളും വിശകലനബുദ്ധിയോടുള്ള പംക്തികളും മറ്റും നിങ്ങളുടെ അകത്തെ മനുഷ്യനെ പരിപോഷിപ്പിക്കുന്നത് തുടരും. വിശ്വാസിയുടെ നാളിതുവരെയുള്ള പ്രസിദ്ധീകരണ ചരിത്രത്തിൽ വ്യാജവാർത്തകൾ നൽകുകയോ വാർത്തകൾ വളച്ചൊടിക്കുകയോ ഏതെങ്കിലും ഒരു വ്യക്തിക്കോ വിഭാഗത്തിനോ അപമാനകരമായ വാർത്തകൾ കൊടുക്കുകയോ ചെയ്തിട്ടില്ല. അപ്പോൾതന്നെ, ദൈവസഭയ്ക്കും സുവിശേഷത്തിനും മനഃപൂർവ്വം നാണക്കേട് വരുത്തുന്ന വ്യക്തികൾക്കും ഉപദേശപ്പിശകുകൾക്കും ദുഷ്പ്രവണതൾക്കും എതിരെ കടുത്ത നിലപാടുകൾ സ്വീകരിക്കാനും ഞങ്ങൾ മടിച്ചിട്ടില്ല. പലപ്പോഴും പലതിനെയും രൂക്ഷമായ ഭാഷയിൽ തന്നെ ഞങ്ങൾ അപലപിച്ചിട്ടുണ്ട്., നിശിതമായി വിമർശിച്ചിട്ടുണ്ട്. എന്നാൽ അതെല്ലാം സഭ്യതയുടെയും ക്രൈസ്തവ മാധ്യമ പെരുമാറ്റ ചട്ടങ്ങളുടേയും അതിർവരമ്പുകൾക്ക് അകത്തു നിന്നുകൊണ്ട് തന്നെയായിരുന്നു. ഒരിക്കൽ പോലും മഞ്ഞ പത്രങ്ങളുടെ ഒരു ശൈലിപോലും ഞങ്ങൾ കടം കൊണ്ടിട്ടില്ല എന്ന് ധൈര്യസമേതം ഞങ്ങൾക്ക് അവകാശപ്പെടാനാവും.

ഒരു ക്രൈസ്തവ മാസികയുടെ കാര്യം പറയുമ്പോൾ എന്തിന് മഞ്ഞപത്ര ശൈലിയെക്കുറിച്ച് പ്രതിപാദിക്കണം എന്ന ചോദ്യം ഉയരാം. കാരണം രണ്ടും കടക വിരുദ്ധമായവയല്ലേ? എന്നാൽ ചില പത്രങ്ങളെങ്കിലും വ്യക്തിവിരോധം, സ്വഭാവഹത്യ തുടങ്ങിയ ലക്ഷ്യങ്ങൾക്കായി ക്രൈസ്തവ മാധ്യമ പ്രവർത്തനത്തെ ഉപകരണമാക്കിയതായി കാണാൻ കഴിയുന്നു. തരംതാണ ഭാഷയും നിലവാരമില്ലാത്ത ആശയങ്ങളും ഇത്തരം പ്രസിദ്ധീകരണങ്ങളെ അപഹാസ്യമാക്കുന്നു. അതുകൊണ്ട് മാത്രമാണ് ഞങ്ങൾ ഉറപ്പിച്ച് പറയുന്നത്, വ്യർത്ഥവും വികലവുമായ നിരൂപണങ്ങൾ ആധാരമാക്കിയല്ല ഞങ്ങൾ എഴുതുന്നത്.

ഈ പംക്തിയിൽ ആവർത്തിച്ചിട്ടുള്ള ഒരു പ്രസ്താവനയാണ് മാധ്യമം തന്നെയാണ് സന്ദേശം എന്നുള്ളത്. പ്രശസ്ത കനേഡിയൻ മാധ്യമ വിശാരദൻ ഹെർബെർട്ട് മാർഷൽ മക്ലൂഹൻ (1911–1980) മുന്നോട്ടു വച്ച ഒരു പ്രസ്താവം കടമെടുത്താണ് ചില വാക്കുകൾ കുറിക്കുന്നത്. ഒരു മാധ്യമത്തിലെ ഏതെങ്കിലും ഒരു ഉള്ളടക്കം മാത്രമല്ല സന്ദേശമായിരിക്കേണ്ടത്, ആ മാധ്യമം മൊത്തമായും സന്ദേശമായിരിക്കണം. അതുപോലെ തന്നെ വിശ്വാസി എന്ന മാസികയിലെ ഉള്ളടക്കം മാത്രമല്ല മാസിക മൊത്തമായും ഒരു സന്ദേശമായിരിക്കണം. അതിന്റെ പ്രസാധകരും അങ്ങനെതന്നെയായിരിക്കേണം. അതിന്റെ ഓരോ വായനാ സഹകാരിയും മറ്റുള്ളവർക്ക് ഒരു സന്ദേശമായിരിക്കണം എന്നത് അത്രേ ഞങ്ങളുടെ തീവ്രമായ ആഗ്രഹം. ഉത്തമവിശ്വാസത്തിന്റെ പ്രതീകമായാണ് വിശ്വാസി മാസിക നിലനിൽക്കുന്നത്; ആയതിനാൽ ഈ ഉത്തമ വിശ്വാസത്തിന്റേയും രക്ഷണ്യസുവിശേഷത്തിന്റേയും സന്ദേശം ആയി മുന്നേറി സമൂഹത്തെ സ്വാധീനിക്കുക എന്ന കടമയാണ് മാസിക നാളിതുവരെ നിർവ്വഹിച്ചു വരുന്നത്.

ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയതായി സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ഞങ്ങളുടെ പത്രം നിങ്ങൾ തന്നെ. ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ. അത് മഷികൊണ്ടല്ല ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ അത്രേ. കല്പലകയിൽ അല്ല, ഹൃദയമെന്ന മാംസപ്പലകയിൽ തന്നേ എഴുതിയിരിക്കുന്നത് (2 കൊരിന്ത്യർ 3: 2,3). വിശുദ്ധ പൗലൊസിന്റെ വാക്കുകളെ വ്യാ

**ശേഷം നാലാം പേജിൽ...**

## ജനറൽ കൺവൻഷൻ സമാപിച്ചു

**(ഒന്നാം പേജിൽ നിന്ന് തുടർച്ച)**

ത്തിൽ പാസ്റ്റർ ജോയി സി. മാത്യു ദൈവനീതി എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. സുവിശേഷകർ കുടുംബമായി യോഗത്തിൽ പങ്കെടുത്തു.

മാർച്ച് 4 ശനിയാഴ്ച രാവിലെ 10.30 ന് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 9–ാ മത് ബിരുദദാന സമ്മേളനം നടന്നു. ഡോ. സന്തോഷ് ജോൺ മുഖ്യ സന്ദേശം നൽകി. 9 യുവതീയുവാക്കൾ കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടിയിൽ നിന്നും ബിരുദം ഏറ്റു വാങ്ങി.

ഉച്ചയ്ക്ക് ശേഷം നടന്ന പുത്രികാസംഘടനകളുടെ വാർഷിക മീറ്റിംഗിൽ എഫ്. സി. വൈ. എം. പ്രസിഡന്റ് പാസ്റ്റർ ജോയി ജോസഫ് അദ്ധ്യക്ഷനായിരുന്നു. വിവിധ സഭകളിൽ നിന്നുള്ള പ്രോഗ്രാമുകൾ ഈ മീറ്റിംഗിന്റെ മാറ്റു കൂട്ടി.

ഞായറാഴ്ച രാവിലെ 8.30 ന് സ്നാനത്തിന്റെ ക്ലാസ്സ് പാസ്റ്റർ തോമസ് മാത്യു നയിച്ചു. 9 മണിക്ക് കർത്തൃദാസൻ പാസ്റ്റർ എം. സാമുവൽകുട്ടിയുടെ കൈകീഴിൽ 8 പേർ സ്നാനമേറ്റ് ക്രിസ്തുവിനോടു ചേർന്നു. രാവിലെ 10ന് ഐക്യ ആരാധന ആരംഭിച്ചു. ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് ജനറൽ സെക്രട്ടറി പാസ്റ്റർ ബിനോയി പി. ജോൺ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ പാസ്റ്റർ സാം വില്യം സങ്കീർത്തനം 85:6 ആസ്പദമാക്കി സങ്കീർത്തനപ്രബോധനം നടത്തി. തുടർന്ന് വചനശുശ്രൂഷ പാസ്റ്റർ സുമേഷ് പി. ലാസർ, സഭാ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി എന്നിവർ നിർവ്വഹിച്ചു. പ്രസംഗാനന്തരം വടശ്ശേരിക്കര സഭയിൽ നിന്നുള്ള ജിനു–സുമ ദമ്പതികളുടെ മകന്റെ പ്രതിഷ്ഠാ ശുശ്രൂഷയും വിശുദ്ധ തിരുവത്താഴ ശുശ്രൂഷയും പാസ്റ്റർ എം. സാമുവൽകുട്ടി നടത്തി. തുടർന്ന് നടന്ന സ്നേഹവിരുന്നോടെ ഈ വർഷത്തെ ജനറൽ കൺവൻഷൻ സമാപിച്ചു. ഫെയ്ത്ത് സീയോൻ സിംഗേഴ്സും, ഫെയ്ത്ത് ബാന്റും ഈ ദിനങ്ങളിൽ ഗാനങ്ങളാലപിച്ചു.

## ദർശനം പ്രാപിക്കുന്നവരാകുക:

**(ഒന്നാം പേജിൽ നിന്ന് തുടർച്ച)**

സുവിശേഷ വിഹിത പ്രവർത്തനങ്ങളെ അനുഗ്രഹിച്ച ദൈവത്തിന് നന്ദിയർപ്പിച്ച് കൊണ്ട് ആരംഭിച്ച പ്രഭാഷണത്തിൽ വിശുദ്ധനായ ദൈവത്തെക്കുറിച്ചും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചും ദൈവസഭയെക്കുറിച്ചും ദൈവീക വിളിയെക്കുറിച്ചും നിത്യതയെക്കുറിച്ചും ഉള്ള ദർശനങ്ങൾ വിശ്വാസികൾ പ്രാപിക്കണമെന്നും ആ ദർശനപ്രകാരം ജീവിതം വിശുദ്ധമായി മുന്നോട്ട് നയിക്കണമെന്നും പാസ്റ്റർ. എം. സാമുവൽകുട്ടി പ്രസ്താവിച്ചു.

## മാനസാന്തരം അനിവാര്യം

**(ഒന്നാം പേജിൽ നിന്ന് തുടർച്ച)**

വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ഇനി സീസൺ ടൈം അല്ല വേഗത്തിലോടുന്ന സമയമാണ്. നഷ്ടമാക്കിയാൽ തിരികെ ലഭിക്കുകയില്ല. ഇതുവരെയുള്ള സമയം അഥവാ കാലങ്ങൾ (പഴയനിയമ കാലഘട്ടം) ദൈവരാജ്യത്തിനു മുമ്പുള്ള ഒരു സീസൺ ആയിരുന്നു. ഇനി ദൈവരാജ്യഭരണം ആരംഭിക്കുവാൻ പോകുകയാണ്. അത് ദൈവാധിപത്യമുള്ള ഭരണമാണ്. അതിനെ കീഴ്പ്പെടുത്തുവാൻ ഭൂമിയിലുള്ള ഒരു രാജ്യത്തിനും കഴിയുകയില്ല. കാരണം ഇത് ഐഹിക രാജ്യമല്ല, ആത്മീക രാജ്യമാണ്. ഇതിന്റെ വിസ്തൃതി നമ്മുടെ ചിന്തകൾക്കും അറിവുകൾക്കും അപ്പുറമാണ്. ഇതിന്റെ ഭരണം കിടയറ്റ, മികവുറ്റ, കറയറ്റ, തികവുറ്റ, പിഴയറ്റതാണ് കാരണം യേശുക്രിസ്തുവാണ് ഭരണം നടത്തുന്നത്. ഈ ഭരണം നടക്കുന്ന ദൈവരാജ്യത്ത് പ്രവേശിക്കുവാനുള്ള ഏകമാർഗ്ഗം മാനസാന്തരമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. പാസ്റ്റർ ടി.ഡി. സുധാകരൻ (ഡൽഹി) യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.

## കർത്താവ് വേഗം മടങ്ങിവരും

**(ഒന്നാം പേജിൽ നിന്ന് തുടർച്ച)**

ദൈവമക്കൾക്ക് ഒരടിസ്ഥാനമുണ്ട്. വെളിപ്പാട് ലഭിച്ചവരുടെ കൂട്ടമാണ് ദൈവസഭ. കർത്താവ് ആണ് സഭയുടെ അടിസ്ഥാനം, അവനാണ് സഭയെ പണിതത്. ഞാൻ എന്റെ സഭയെ പണിയും എന്ന് പറഞ്ഞവൻ പണിതെങ്കിൽ, ഞാൻ പരിശുദ്ധാത്മാവിനെ അയയ്ക്കുമെന്ന് പറഞ്ഞവൻ അയച്ചെങ്കിൽ ഞാൻ വീണ്ടും വരും എന്ന് പറഞ്ഞവൻ വരികതന്നെ ചെയ്യുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജൻ സെക്രട്ടറി പാസ്റ്റർ വി.എം. എബ്രഹാം യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു.

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# ബിരുദദാനം ~ കൺവൻഷൻ ദൃശ്യജാലകം



ക്രിസ്തുവിനായ് മുന്നോട്ട് ... ബിരുദധാരികളും അതിഥികളും വേദിയിലേക്ക്




വചനപ്രഘോഷണം..... പാസ്റ്റർ പ്രിൻസ് തോമസ് ഒന്നാം രാത്രിയോഗത്തിൽ പ്രസംഗിക്കുന്നു



സംതൃപ്തിയോടെ.....പാസ്റ്റർ എബി ജോർജിന്റെ അദ്ധ്യക്ഷ പ്രസംഗം



തിരുവെഴുത്തുകളുടെ പ്രതിധ്വനി...... പാസ്റ്റർ പോൾസൺ സ്റ്റീഫൻ രണ്ടാം രാത്രിയോഗത്തിൽ പ്രസംഗിക്കുന്നു




ചാരിതാർത്ഥ്യത്തോടെ.... കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടിയുടെ സന്ദേശം




വചനത്തിന്റെ ഉദ്ഘോഷണം .. പാസ്റ്റർ അനീഷ് കാവാലം കൺവൻഷനിൽ മൂന്നാം രാത്രിയോഗത്തിൽ പ്രസംഗിക്കുന്നു



മികവിന്റെ അംഗീകാരം... പാസ്റ്റർ എം. സാമുവൽകുട്ടി സർട്ടീഫിക്കേറ്റുകൾ നൽകുന്നു




തിരുവചനത്തിന്റ പ്രബോധനം .. പാസ്റ്റർ ജോയി പാറയ്ക്കൽ നാലാം രാത്രിയോഗത്തിൽ പ്രസംഗിക്കുന്നു



അസുലഭ നിമിഷം... ഗ്രാജുവേഷൻ സപ്ളിമെന്റ് പാസ്റ്റർ ജോൺസൻ ചാക്കോയ്ക്ക് നൽകി ഡയറക്ടർ പ്രകാശനം ചെയ്യുന്നു




സഹോദരിമാരുടെ യോഗത്തിൽ സഹോദരി ഒമേഗാ സുനിൽ പ്രസംഗിക്കുന്നു

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138 / 15 - 17
Date of Publication - 5th April 2017
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

*Price Rs. 3/-*

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ബിരുദദാനം നടന്നു

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ന്ധിച്ച് തയ്യാറാക്കിയ സപ്ലിമെന്റിന്റെ പ്രഥമ കോപ്പി പാസ്റ്റർ എം. സാമുവൽകുട്ടി പാസ്റ്റർ ജോൺസൻ ചാക്കോയ്ക്ക് നൽകി പ്രകാശനം ചെയ്തു. ഐ.സി.എം. ഗവേണിംഗ് ബോഡിയെയും ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചുകളെയും പ്രതിനിധീകരിച്ച് പാസ്റ്റർ ബിനോയി പി. ജോണും (ഡൽഹി) പാസ്റ്റർ പി.ജെ. ജോസും ബിരുദധാരികൾക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. അധ്യാപകയായ സിസ്റ്റർ അനിതാ ബേബി കൃതജ്ഞത പറഞ്ഞു. പാസ്റ്റർ ജയപ്രകാശ് കോഴ്സുകളെക്കുറിച്ചുള്ള വിശദീകരണം നടത്തി. പാസ്റ്റർ എബി ജോർജ് സമാപന പ്രാർത്ഥന നടത്തി പാസ്റ്റർ എം. സാമുവൽകുട്ടിയുടെ ആശീർവാദത്തോടെ സമ്മേളനം സമാപിച്ചു.

ക്രമീകൃതമായ വേദശാസ്ത്ര വിദ്യാഭ്യാസവും പ്രവൃത്തിപരിചയവും കോർത്തിണക്കി സുവിശേഷവയലിലേക്ക് പരിശുദ്ധാത്മദർശനം പ്രാപിച്ച യുവതീയുവാക്കളെ പരിശീലിപ്പിച്ചയക്കുന്ന ഈ സ്ഥാപനം പന്ത്രണ്ടാമത് പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കുന്നു. കഴിഞ്ഞ ഒമ്പത് ഗ്രാജുവേഷനുകളിലൂടെ 125 സുവിശേഷകരെ വാർത്തെടുക്കുവാൻ കോളജിനു കഴിഞ്ഞു. അടുത്ത അദ്ധ്യയന വർഷത്തെ ക്ലാസ്സുകൾ ജൂൺ ആദ്യവാരത്തിൽ ആരംഭിക്കും.

## സുവിശേഷക സംഗമം നടന്നു



ശുശ്രൂഷക സമ്മേളനത്തിൽ പാസ്റ്റർ ജോയി സി. മാത്യു ക്ലാസ്സെടുക്കുന്നു.

**അടൂർ.** ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ 23-ാമത് ജനറൽ കൺവൻഷനിൽ സുവിശേഷകൻമാർക്കായി വെള്ളിയാഴ്ച രാവിലെ 10.30 മണിമുതൽ 1 മണിവരെ പ്രത്യേക സമ്മേളനം നടത്തപ്പെട്ടു. പാസ്റ്റർ തോമസ് മാത്യു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പാസ്റ്റർ ജോയി സി. മാത്യു റോമർ 1: 17 ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. നീതി എന്നാൽ എന്താണ്? നീതികരണം എന്നാൽ വ്യവസ്ഥയോടിണങ്ങുക എന്നാണ്. ദൈവം നീതിമാനാണ്. ലോകത്തിലെ സകല നിയമങ്ങൾക്കും അതീതനാണ് ദൈവം. നിയമദാതാവ് എന്നാണ് ദൈവത്തെ വിളിക്കുന്നത്. നിയമം ഉണ്ടാക്കിയത് ദൈവമാണ്. എങ്കിലും താൻ ഉണ്ടാക്കിയ നിയമങ്ങൾക്ക് വിധേയമായേ ദൈവം പ്രവർത്തിക്കൂ. അതാണ് ദൈവത്തിന്റെ നീതി.

ദൈവത്തിന്റെ കല്പന അനുസരിച്ച് നേരോടെ നടക്കുന്നവനാണ് നീതിമാൻ. പഴയനിയമം അനുസരിച്ച് നീതിമാൻ ആരുമില്ല. കാരണം 613 പ്രമാണങ്ങളിൽ ഒന്നിൽ തെറ്റിയാൽ സകല പ്രമാണങ്ങളും തെറ്റിപ്പോകുന്നു. ന്യായ പ്രമാണം ഒരു മനുഷ്യനേയും നീതികരിക്കുന്നില്ല. ന്യായപ്രമാണം മുഴുവൻ അനുസരിച്ചവൻ ഒരുവനേ ഉള്ളൂ... ക്രിസ്തു പ്രമാണം ലംഘിക്കാഞ്ഞതിനാൽ അവനിൽ പാപം ഇല്ല. പ്രമാണം ലംഘിച്ച നമുക്ക് പകരം പാപമില്ലാത്ത യേശുവിനെ മരിക്കാനനു വദിച്ചതുകൊണ്ട് നമ്മെ നീതീകരിക്കുവാൻ യേശു ശിക്ഷ ഏറ്റെടുത്തു. യേശു എന്റെ പാപത്തിനു വേണ്ടി മരിച്ചു എന്ന് വിശ്വസിച്ചാൽ മാത്രം മതി, വിശ്വാസത്താൽ നാം നീതികരിക്കപ്പെടും. യേശുവിന്റെ നീതിയാൽ നമ്മെ നീതിമാന്മാരായി സ്വർഗ്ഗം പ്രഖ്യാപിച്ചുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സഭാ ശുശ്രൂഷകന്മാരും അവരുടെ ഭാര്യമാരും ബൈബിൾ കോളജ് വിദ്യാർത്ഥികളും ഈ സമ്മേളനത്തിൽ സംബന്ധിച്ചു.

## സുവിശേഷകൻ തിരുവെട്ടാർ കൃഷ്ണൻകുട്ടി നിത്യതയിൽ



**വാളകം:** സുപ്രസിദ്ധ പ്രഭാഷകനും വാഗ്മിയും ഗ്രന്ഥകാരനുമായിരുന്ന തിരുവട്ടാർ കൃഷ് ണൻകുട്ടി (81) മാർച്ച് 29ന് നിത്യതയിൽ പ്രവേശിച്ചു. ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും ആറ് പതിറ്റാണ്ടു മുമ്പ് വിശ്വാസത്തിലേക്ക് വന്ന അദ്ദേഹം തമിഴ്നാട്ടിലെ ക്ഷേത്ര നഗരമായ തിരുവട്ടാറിന് സമീപമുള്ള കോൾവേൽ സ്വദേശിയാണ്.

*ജീവിച്ചാൽ ക്രിസ്തുവിനു വേണ്ടി, പ്രവർത്തിച്ചാൽ ക്രിസ്തുവിന് വേണ്ടി, മരിച്ചാൽ ക്രിസ്തുവിന് വേണ്ടി* എന്ന് മുദ്രാവാക്യം ഉയർത്തിയത് തിരുവട്ടാർ കൃഷ്ണൻകുട്ടി എന്ന കവല പ്രസംഗകരുടെ പ്രഭുവായിരുന്നു. മണിക്കൂറുകൾ നീളുന്ന പ്രഭാഷണങ്ങളിലൂടെ അനേകരെ സ്വാധീനിച്ച അദ്ദേഹത്തിന്റെ പ്രസംഗ വിഷയം ഏക രക്ഷകൻ ക്രിസ്തു എന്നത് മാത്രമാ യിരുന്നു.

ഹൈന്ദവ വേദാന്തങ്ങളെക്കുറിച്ച് ആഴത്തിലറിവുണ്ടായിരുന്നു അദ്ദേഹം ഭാരതീയ മതങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തി രചിച്ച ഭാരതീയ മത സംഗ്രഹം, ചരിത്രപുരുഷനായ ക്രിസ്തു, അപ്പൊസ്തലനായ പൗലൊസ് എന്നിവ ഉൾപ്പെടെ 35 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ധർമ്മ ദീപ്തി മാസികയുടെ പത്രാധിപരായി മൂന്ന് പതിറ്റാണ്ടു പ്രവർത്തിച്ചിട്ടുണ്ട്.

ഏപ്രിൽ 1 ശനിയാഴ്ച വാളകം ബ്രദറൺ സെമിത്തേരിയിൽ സംസ്കാര ശുശ്രൂഷ നടന്നു. ഭാര്യ: എൽസി, മക്കൾ: കൃപജ, ക്രിസ്.

## സമർപ്പണത്തോടെ വീണ്ടും...

(രണ്ടാം പേജിൽ നിന്ന് തുടർച്ച)

ഖ്യാനിക്കേണ്ട ആവശ്യം ഇവിടെ ഉണ്ടെന്നു തോന്നുന്നില്ല. ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ മാംസപലകയിൽ തന്നെ എഴുതിയിരിക്കുന്ന ക്രിസ്തുവിന്റെ പത്രമായി, ജീവനുള്ള സന്ദേശമായി നാം നിലനിൽക്കുന്നത് തുടരാം. വ്യക്തികളെയും സമൂഹങ്ങളേയും സ്വാധീനിച്ച് രൂപാന്തരപ്പെടുത്താം.

ഈ നിർണായക ഘട്ടത്തിൽ ചില സ്മരണകൾ അയവിറക്കുകയാണ്. പലപ്പോഴും വിശേഷിച്ച് ഞാൻ പൂർണ്ണസമയ ശുശ്രൂഷ ചെയ്യാൻ തുടങ്ങിയ സമയങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾക്ക് പര്യാപ്തമായ സാമ്പത്തിക സ്രോതസ്സുകൾ ഇല്ലാതെ വിഷമിച്ചപ്പോൾ ഓരോ മാസവും മാസിക ഇറക്കുക വലിയ വെല്ലുവിളി തന്നെയായിരുന്നു. എന്നാൽ, ഇത് വരെ ഇത്രത്തോളം ഭംഗിയായി ഇതൊരു ശുശ്രൂഷയായി തന്നെ കണ്ടുകൊണ്ട് നിർവ്വഹിക്കുവാൻ ദൈവം കൃപ ചെയ്തു. മിഷനോടുള്ള ബന്ധത്തിൽ ഞാനും കുടുംബവും സഹപ്രവർത്തകരും അഭിമുഖീകരിച്ച വെല്ലുവിളികൾ, ഞങ്ങൾ ചെയ്ത അസംഖ്യം യാത്രകൾ, ഞങ്ങൾ കടന്നുപോയ വ്യത്യസ്തമായ അനുഭവങ്ങൾ, ഞങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ, ഇവയെല്ലാം അനേകരോട് പങ്ക് വയ്ക്കുവാൻ ഈ മാസികയുടെ താളുകളിലൂടെ കഴിയുന്നു എന്നുള്ളത് ചാരിതാർഥ്യം പകരുന്നു. മാസികയ്ക്ക് വേണ്ടി എഴുതുന്നതും അന്യ പത്രാധിപ ചുമതലകൾ നിർവ്വഹിക്കുന്നതും എനിക്ക് വളരെ ഏറെ സർഗ്ഗാത്മക സംതൃപ്തി പ്രദാനം ചെയ്യുന്ന പ്രവൃത്തികളാണ്.

ഈ മാസികയിലാണ് പലരും തങ്ങളുടെ ആദ്യ കൃതി പ്രകാശനം ചെയ്തു കണ്ടത്. പ്രശസ്തരും അപ്രശസ്തരുമായ എഴുത്തുകാർ ഇതിൽ എഴുതുന്നു. ചിലർ അവരുടെ എഴുത്ത് തേച്ചുമിനുക്കിയത് ***വിശ്വാസി***യിലൂടെയാണ്. ഇന്ന് എഴുത്ത് പൂർണ്ണമായോ ഭാഗികമായോ ഒരു തൊഴിലായി സ്വീകരിച്ചവരായി അവരിൽ ചിലരെങ്കിലും ഉണ്ട്. സർഗ്ഗാത്മക രചന, പരിഭാഷ, പത്രാധിപ ജോലികൾ തുടങ്ങിയവ ഈ മാസികയിലെ എഴുത്തു കളരിയിലൂടെ ചിലർ സ്വായത്തമാക്കി എന്നുള്ള വസ്തുത ഇതിന്റെ പ്രസാധകനും മുഖ്യപത്രാധിപരും എന്ന നിലയ്ക്ക് എനിക്ക് അല്പമല്ലാത്ത ആനന്ദം പകരുന്നു.

*വിശ്വാസി* പത്രാധിപ സമതിയിൽ കാലാകാലങ്ങളായി സേവനം അനുഷ്ഠിക്കുന്നവരോടുള്ള എന്റെ അകൈതവമായ നന്ദി ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുന്നു. അവർ ഈ പ്രിയപ്പെട്ട സഹോദരങ്ങളാണ്; യൂജിൻ ബി. സാം, അനിൽ കുമാർ ജി., പാസ്റ്റർ സുരേഷ് ഏബ്രഹാം, ഏബ്രഹാം ജോൺ, ബോവസ് മണലയത്തിൽ, തോമസ് ഡാനിയേൽ, ഷെറിൻ പി. വർഗ്ഗീസ്, ജോൺ ടി. വർഗ്ഗീസ്, ബ്ലസ്സൻ ജി. ശാമുവേൽ, പാസ്റ്റർ സാം വിൽഫ്രഡ്, ഷിബു തമ്പി, പാസ്റ്റർ ബിജു ബെഞ്ചമിൻ, പാസ്റ്റർ ബിനോയി പി. ജോൺ.

പംക്തികളിലൂടെ മാസികയുടെ താളുകളെ സമ്പുഷ്ടമാക്കിയവർക്കും അകം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുന്നു. പംക്തികളും എഴുത്തുകാരും: പ്രഭാതധ്യാനം - സഹോദരി എലിസബത്ത് സാമുവൽ, പാർശ്വവീക്ഷണം, ഉറവ - ഇവ. ജോൺ ശാമുവേൽ മണക്കാല, മിഷനറിമാരുടെ അനുഭവങ്ങളിൽ നിന്നും - ബ്ലസ്സൻ ജോൺ മലയിൽ, നേർരേഖ, വിജ്ഞാനത്തിന്റെ കിളിവാതിൽ, മധ്യമ അവലോകനം- തോമസ് ഡാനിയേൽ, നേർമൊഴി- ജോൺ ടി. വർഗ്ഗീസ്, വേദവിചാരം -പാസ്റ്റർ ബിജു ബെഞ്ചമിൻ, മിഷനറി വര്യർ പാസ്റ്റർ ജെ. യേശുനാഥദാസ്, വിശ്വാസി അറിഞ്ഞിരിക്കേണ്ടവ- പാസ്റ്റർ ബിജു തങ്കച്ചൻ (മുംബൈ), വചന ദീപ്തം - പാസ്റ്റർ മനോജ് തമ്പി.

ദീർഘവർഷങ്ങളായി പ്രൊഡക്ഷൻ-സർക്കുലേഷൻ മാനേജരായി പ്രവർത്തിച്ച സഹോദരൻ രാജൻ മാത്യു, സഹോദരൻ ചെറിയാൻ ഡാനിയേൽ എന്നിവരോടുള്ള ഹൃദയാംഗമായ നന്ദി ഇത്തരുണത്തിൽ അറിയിക്കുന്നു. മാസിക ഭംഗിയായി ഡിടിപി ചെയ്ത് സഹായിച്ച *വിശ്വാസി* ഗ്രാഫിക്സിലെ മിസ്സിസ് ലത സുരേഷ്, ഷാജി തോമസ്, ബ്ലസ്സൻ ബേബി, സുധീഷ് പി. ലാസർ, ഷിബു തമ്പി എന്നിവരോടും നീണ്ട 21 വർഷം ഭംഗിയായി മുദ്രണചുമതല നിർവ്വഹിച്ച ന്യൂലൈഫ് പ്രിന്റേഴ്സിനോടുമുള്ള നന്ദിയെ അറിയിക്കുന്നു.

കൂടാതെ, മാസികയുടെ ഇത് വരെയുള്ള പ്രസിദ്ധീകരണ പ്രയാണത്തിൽ പ്രാർത്ഥനകളിലൂടെയും ധനസംഭാവനകളിലൂടെയും സമയ വിനിയോഗത്തിലൂടെയും സഹായിക്കുകയും സഹകരിക്കുകയും ചെയ്ത അനേക പ്രിയപ്പെട്ടവരുണ്ട്. എല്ലാവരോടും എനിക്ക് തീർത്താൽ തീരാത്ത കടപ്പാടുണ്ട്. ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ. തുടർന്നും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഒരു പ്രസിദ്ധീകരണത്തിന് വായനക്കാർ ഇല്ലെങ്കിൽ അത് ഉന്നം തെറ്റി പായുന്ന ഒരു പാഴ് വസ്തു പോലെയുള്ളൂ. *വിശ്വാസി* മാസികയെ ലക്ഷ്യബോധത്തോട് മുമ്പോട്ട് കൊണ്ട് പോകുന്നതിൽ പ്രിയ വായനക്കാർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നിങ്ങളോടുള്ള നന്ദി വാക്കുകൾക്ക് അതീതമാണ്. തുടക്കത്തിൽ അപേക്ഷിച്ചതുപോലെ പി.ഡി.എഫ്. ഫോർമാറ്റിന്റെ വായനക്കാരായി തുടരും എന്ന് വിശ്വസിക്കുന്നു.

ദൈവം നമ്മെ ഏവരെയും *വിശ്വാസി* മാസികയിലൂടെ അനുഗ്രഹിക്കുന്നത് തുടരും എന്ന് ഉറച്ച് വിശ്വസിച്ചുകൊണ്ട് ദൈവ കരങ്ങളിൽ സമർപ്പിക്കുന്നു...

പാസ്റ്റർ എം. സാമുവൽകുട്ടി